(എഫ്) പത്തനംതിട്ട ഒഴിച്ചുള്ള ജില്ലകൾ ഇതിനോടകം ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) 2009-10 വർഷത്തിൽ 50 ദിവസത്തിലധികം പദ്ധതിയിൽ പണിയെടുത്തിട്ടുള്ള കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയും കിലോയ്ക്ക് 2 രൂപാ നിരക്കിൽ അരിയും നൽകുന്നുണ്ട്.

കൽപ്പറ്റ നഗരസഭാ കുടിവെള്ള പദ്ധതി

168(458) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കല്പറ്റ നഗരസഭാ കുടിവെള്ള പദ്ധതിക്ക് എന്നാണ് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചത്;

(ബി) പദ്ധതിക്കായി ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പദ്ധതിക്കായി നഗരസഭയുടെ ഭാഗത്തുനിന്നും ചെയ്തുതീർക്കേണ്ട പ്രവൃത്തികൾ പൂർത്തിയാക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ) കല്പറ്റ നഗരസഭാ കുടിവെള്ള പദ്ധതിക്ക് 17-2-2009-ൽ കേന്ദ്രാനുമതി ലഭിച്ചു.

(ബി) പദ്ധതി അടങ്കൽ 3217 ലക്ഷം രൂപ കേന്ദ്ര വിഹിതം 2573.60 ലക്ഷം തുകയിൽ ലഭ്യമായത് 4,96,04,956 രൂപയാണ്.

(സി) പദ്ധതിക്കാവശ്യമായ സ്ഥലത്തിൽ 0.995 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് കൈമാറി ഇനിയും കാരാപുഴ ഭാഗത്ത് 1 ഏക്കർ സ്ഥലവും നഗരസഭാ പരിധിയിൽ 20 സെന്റ് സ്ഥലവും ലഭ്യമാക്കാനുണ്ട്.

വയനാട് ജില്ലയിൽ കുടുംബശ്രീ പ്രവർത്തനം

167(459) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പദ്ധതി പ്രകാരം 2010-11 ഉൾപ്പെടെയുള്ള കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കതല വിശദാംശം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിൽ വയനാട് ജില്ലയിൽ പുതിയതായി ആരംഭിച്ച കുടുംബശ്രീ യൂണിറ്റുകളുടെ താലൂക്കതല വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ നാല് വർഷങ്ങളിൽ വയനാട് ജില്ലയിൽ പുതിയതായി ആരംഭിച്ച കുടുംബശ്രീ സംരംഭങ്ങളിലൂടെ ലഭ്യമായ തൊഴിൽ ദിനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടുംബശ്രീ പദ്ധതി പ്രകാരം 2010-11 ഉൾപ്പെടെയുള്ള കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കതല വിശദാംശം ചുവടെ ചേർക്കുന്നു:

വൈത്തിരി താലൂക്ക്:

2007-08 ചെലവഴിച്ച തുക	-	3013056
2008-09 ചെലവഴിച്ച തുക	-	3297439
2009-10 ചെലവഴിച്ച തുക	-	5310180
2010-11 ചെലവഴിച്ച തുക	-	3685573
ആകെ	-	15306248

സുൽത്താൻ ബത്തേരി താലൂക്ക്:

2007-08 ചെലവഴിച്ച തുക	-	3936180
2008-09 ചെലവഴിച്ച തുക	-	7423989
2009-10 ചെലവഴിച്ച തുക	-	11939475
2010-11 ചെലവഴിച്ച തുക	-	3685573
ആകെ	-	26985217

മാനന്തവാടി താലൂക്ക്:

2007-08 ചെലവഴിച്ച തുക	-	5586795
2008-09 ചെലവഴിച്ച തുക	-	2510144
2009-10 ചെലവഴിച്ച തുക	-	8466147
2010-11 ചെലവഴിച്ച തുക	-	2488668
ആകെ	-	19051754

(ബി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ പുതിയതായി ആരംഭിച്ച കുടുംബശ്രീ യൂണിറ്റുകളുടെ താലൂക്കതല വിശദാംശം ചുവടെ ചേർക്കുന്നു:

ആകെ യൂണിറ്റുകളുടെ എണ്ണം :

വൈത്തിരി താലൂക്ക്	-	82
സുൽത്താൻബത്തേരി താലൂക്ക്	-	136
മാനന്തവാടി താലൂക്ക്	-	54
ആകെ	-	272

(സി) നാല് വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ പുതിയതായി ആരംഭിച്ച കുടുംബശ്രീ സംരംഭങ്ങളിലൂടെ ലഭ്യമായ തൊഴിൽ ദിനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

2007-08	-	30240
2008-09	-	168480
2009-10	-	258120
2010-11	-	293760

LIBRARY ARCHIVES Kerala Legislative Assembly